# മാർത്തോമ്മാ സുവിശേഷ സേവികാസംഘം

# സേവികാസംഘദിനം

## 2021 സെപ്റ്റംബർ 12 ഞായർ

(മെത്രാപ്പോലീത്തയുടെ അംഗീകാരത്തോടു കൂടിയത്)

## ആരാധനക്രമം

പാട്ട് :

കൌമ്മാ :

അപേക്ഷ : ഞങ്ങളുടെ സൃഷ്ടിതാവും, രക്ഷകനും തലമുറ തലമുറയായി ഞങ്ങളുടെ സങ്കേത സ്ഥാനവുമായ കർത്താവേ, അനുതാപത്തോടും നന്ദിയോടും യാചനയോടും കൂടെ ഞങ്ങൾ നിന്റെ സന്നിധിയിൽ വരുന്നു. ഇന്നേവരെ ലഭിച്ച കൃപകൾക്കായി നന്ദി പറയുന്നതിനും മുമ്പോട്ടുള്ള പ്രവർത്തന വഴികൾക്കായി പ്രാർത്ഥിക്കുന്നതിനും വേർതിരിക്കപ്പെട്ട ഈ സേവികാസംഘ ദിനത്തിൽ ആത്മാവിലും സത്യത്തിലും നിന്നെ ആരാധിപ്പാൻ ഞങ്ങളെ സഹായിക്കണമേ. 'സ്ത്രീകൾ: ദൈവിക രക്ഷാപദ്ധതിയിലെ പങ്കാളികൾ' എന്ന ചിന്താവിഷയം ധ്യാനിക്കുന്ന ഈ അവസരത്തിൽ ജീവിത പുനഃസമർപ്പണത്തിൽക്കൂടെയും സാക്ഷ്യത്തിൽക്കൂടെയും നിന്റെ നാമം മഹിമപ്പെടുത്തുവാൻ ഞങ്ങളെ സഹായിക്കണമേ. യേശുക്രിസ്തുവിന്റെ നാമത്തിലുള്ള ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ജനം : ആമേൻ.

## അനുതാപ പ്രാർത്ഥന

"നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു" (1 യോഹ.1:9).

**"ദൈവമേ ഞങ്ങളോടു ക്ഷമിക്കേണമേ; പാപത്തിൽ നിന്നു തിരിഞ്ഞ് നിന്നെ അനുസരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ" എന്നു പ്രതിവാക്യമായി പറയണം.**

ലീഡർ : ദൈവമേ, നിന്റെ കല്പനകളെക്കുറിച്ച് അറിവുള്ളവരെങ്കിലും അവ പാലിക്കുന്നതിൽ ഞങ്ങൾ തെറ്റിപ്പോയിരിക്കുന്നു. ശബ്ബത്തു നാളിനെ ശുദ്ധീകരിക്കുന്നതിലും നിന്നെ ആരാധിക്കുന്നതിലും ഞങ്ങൾ വീഴ്ച വരുത്തിയിരിക്കുന്നു. മാതാപിതാക്കളെ ബഹുമാനിക്കാതെയും മറ്റുള്ളവരുടെ വസ്തുവകകൾ ആഗ്രഹിച്ചും ഞങ്ങൾ തെറ്റിപ്പോയിട്ടുണ്ട്. നിന്റെ കല്പനകളെ മറന്ന് ദുഷ്ടതയുടെ വഴിയിൽ നടക്കുകയും നിന്നെ വേദനിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് ഞങ്ങൾ ഏറ്റുപറയുന്നു.

ജനം : ***"ദൈവമേ ഞങ്ങളോടു ക്ഷമിക്കേണമേ; പാപത്തിൽ നിന്നു തിരിഞ്ഞ് നിന്നെ അനുസരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ".***

ലീഡർ : കർത്താവേ, 'നിങ്ങളേയും നിങ്ങളുടെ മക്കളേയും ചൊല്ലി കരയുവിൻ' എന്ന് ഞങ്ങളോടു പറഞ്ഞിട്ടുണ്ടെങ്കിലും നിന്റെ വാക്കുകൾ മറന്ന് ഞങ്ങൾ സ്വയ കേന്ദ്രീകൃതമായി ജീവിച്ചു പോയിട്ടുണ്ട്. വ്യക്തിപരമായ ഭൗതിക നേട്ടങ്ങൾക്കും സ്വത്തിനുമായി ഞങ്ങളുടെ ജീവിതങ്ങൾ ഞങ്ങൾ ചെലവാക്കി. ദൈവിക രക്ഷാപദ്ധതിയിൽ കുടുംബത്തിൽ ഞങ്ങൾക്കുള്ള പങ്ക് ഞങ്ങൾ മറന്നു പോയിട്ടുണ്ട്. തലമുറകളെക്കുറിച്ചോർക്കാതെ പ്രകൃതി വിഭവങ്ങൾ ഞങ്ങൾ ചൂഷണം ചെയ്തിട്ടുണ്ട്. നിന്റെ കല്പനകളെ മറന്ന് ദുഷ്ടതയുടെ വഴിയിൽ നടക്കുകയും നിന്നെ വേദനിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് ഞങ്ങൾ ഏറ്റുപറയുന്നു.

ജനം : ***"ദൈവമേ ഞങ്ങളോടു ക്ഷമിക്കേണമേ; പാപത്തിൽ നിന്നു തിരിഞ്ഞ് നിന്നെ അനുസരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ".***

ലീഡർ : ദൈവമേ, 'എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടുതിരിയുമെങ്കിൽ ഞാൻ സ്വർഗ്ഗത്തിൽ നിന്ന് കേട്ടു അവരുടെ പാപം ക്ഷമിച്ചു അവരുടെ ദേശത്തിന് സൗഖ്യം വരുത്തിക്കൊടുക്കും' എന്ന നിന്റെ വാഗ്ദത്തം ഞങ്ങൾ അറിയുന്നു എങ്കിലും അതു മറന്ന് ദുഷ്ടതയുടെ വഴിയിൽ നടക്കുകയും നിന്നെ വേദനിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങളുടെ പാപങ്ങളെ തിരിച്ചറിയുന്നതിന് ഞങ്ങളെ പ്രാപ്തരാക്കുകയും ഞങ്ങളുടെ അനീതി പോക്കി ഞങ്ങളെ ശുദ്ധീകരിക്കുകയും ചെയ്യേണമേ.

ജനം : ***''ദൈവമേ ഞങ്ങളോടു ക്ഷമിക്കേണമേ; പാപത്തിൽ നിന്നു തിരിഞ്ഞ് നിന്നെ അനുസരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ".***

## സ്തോത്രപ്രാർത്ഥന

***"വരുവീൻ, നാം യഹോവയ്ക്ക് ഉല്ലസിച്ചു ഘോഷിക്ക; നമ്മുടെ രക്ഷയുടെ പാറയ്ക്ക് ആർപ്പിടുക. നാം സ്തോത്രത്തോടെ അവന്റെ സന്നിധിയിൽ ചെല്ലുക. സങ്കീർത്തനങ്ങളോടെ അവന് ഘോഷിക്ക"(സങ്കീ.95:1,2).***

ലീഡർ : ദൈവമേ, ദൈവരാജ്യ വർദ്ധനയ്ക്കായി സഭയുടെ വിവിധ സേവന മേഖലകളിൽ ഏർപ്പെടുന്നതിന് ലിംഗഭേദങ്ങളോടെ ഞങ്ങളെ സൃഷ്ടിച്ചതിനായി സ്തോത്രം. കഴിഞ്ഞ 102 സംവത്സരം ദൈവസ്നേഹവും ദൈവവചനവും വ്യാപിപ്പിക്കുന്നതിൽ മാർത്തോമ്മാ സുവിശേഷ സേവികാസംഘത്തെ നിലനിർത്തിയതിനായി സ്തോത്രം. ഇതിനായി അക്ഷീണം പ്രവർത്തിച്ച ഞങ്ങളുടെ പൂർവ്വ മാതാക്കൾക്കായും ഇപ്പോൾ കേന്ദ്രം മുതൽ ശാഖകൾ വരെ വിവിധ നിലകളിൽ സേവനം ചെയ്യുന്ന എല്ലാ സേവികാസംഘാംഗങ്ങൾക്കായും സ്തോത്രം ചെയ്യുന്നു.

ജനം : ***"യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന് എന്തു പകരം കൊടുക്കും? ഞാൻ രക്ഷയുടെ പാനപാത്രം എടുത്തു യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും" (സങ്കീ. 116:12,13).***

ലീഡർ : ദൈവമേ, ജീവിതം, കുടുംബം, പ്രിയപ്പെട്ടവർ എന്ന മഹാദാനങ്ങൾക്കായി സ്തോത്രം. ഞങ്ങളെ ഭരമേൽപ്പിച്ച ചുമതലകൾക്കായും താലന്തുകൾക്കായും ജീവിതാനുഭവങ്ങൾക്കായും സ്തോത്രം. പുതിയ അവസരങ്ങൾ ഞങ്ങൾക്കു ലഭിക്കുന്നതിനായി ഓരോ ദിവസവും ഞങ്ങളുടെ ആയുസ്സിനോട് കൂട്ടിച്ചേർക്കുന്നതിനാൽ നിന്നെ സ്തുതിക്കുന്നു.

ജനം : ***"ഇത് യഹോവ ഉണ്ടാക്കിയ ദിവസം; ഇന്നു നാം സന്തോഷിച്ച് ആനന്ദിക്ക". (സങ്കീ. 118:24).***

ലീഡർ : ദൈവമേ, നിന്റെ ജനത്തെ കരുതുവാൻ അഭിഷേകം ചെയ്യപ്പെട്ടവർക്കായി സ്തോത്രം. രാജ്യത്തിന്റേയും, സർക്കാരിന്റെ പൊതുകാര്യം, ആരോഗ്യം, നിയമം, പ്രതിരോധം, വിദ്യാഭ്യാസം തുടങ്ങി വിവിധ വകുപ്പുകളുടെ എല്ലാ നേതാക്കൾക്കായും സ്തോത്രം. അവിടെ പ്രവർത്തിക്കുന്ന എല്ലാവർക്കായും പ്രത്യേകിച്ച് രാഷ്ട്ര നിർമ്മാണത്തിനായി ഒന്നിലധികം ഉത്തരവാദിത്വങ്ങൾ വഹിക്കുന്ന വനിതകൾക്കായും സ്തോത്രം. ഈ പ്രവർത്തനങ്ങളിലൂടെ ഞങ്ങൾ അനുഭവിക്കുന്ന ഉയർച്ച, സുരക്ഷ, സൗഖ്യം, ക്ഷേമം എന്നിവയ്ക്കായി നിന്നെ സ്തുതിക്കുന്നു.

ജനം : ***"എൻ മനമേ, യഹോവയെ വാഴ്ത്തുക; എന്റെ സർവ്വാന്തരംഗവുമേ, അവന്റെ വിശുദ്ധനാമത്തെ വാഴ്ത്തുക. എൻ മനമേ, യഹോവയെ വാഴ്ത്തുക അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്. (സങ്കീ.103:1-2). ആമേൻ.***

## മദ്ധ്യസ്ഥ പ്രാർത്ഥന

"അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളതു നമുക്ക് അവനോടുള്ള ധൈര്യം ആകുന്നു. നാം എന്ത് അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നറിയുന്നുവെങ്കിൽ അവനോടു കഴിച്ച അപേക്ഷ നമുക്കു ലഭിച്ചു എന്നും അറിയുന്നു" (1 യോഹ.5:14,15).

***"നിന്നിലുള്ള വിശ്വാസത്തിൽ ഞങ്ങൾ അപേക്ഷിക്കുന്നു" എന്ന് പ്രതിവാക്യമായി പറയണം.***

ലീഡർ : മാർത്തോമ്മാ സുവിശേഷ സേവികാസംഘത്തിന്റെ പ്രവർത്തനമേഖലകളായ വനിതാമന്ദിരം, ശാലേം ഭവനം, സ്നേഹതീരം ഹാഫ് വേ ഹോം, വിശ്രാന്തിഭവൻ, സ്ത്രീജന വികസന സമിതി, തയ്യൽശാല, ഹോസ്റ്റലുകൾ, മിഷൻ ഫീൽഡുകളായ അണക്കര, നിലമ്പൂർ, മൂക്കുതല, നെടുവാലൂർ എന്നിവയ്ക്കായി പ്രാർത്ഥിക്കാം. വനിതാമന്ദിരത്തിൽ നടത്തപ്പെടുന്ന കോഴ്സുകൾ, നേഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂൾ, കെ.ജി.& യു.പി. സ്കൂൾ എന്നിവയുടെ അനുഗ്രഹകരമായ നടത്തിപ്പിനായി പ്രാർത്ഥിക്കാം.

ജനം : ***"നിന്നിലുള്ള വിശ്വാസത്തിൽ ഞങ്ങൾ അപേക്ഷിക്കുന്നു".***

ലീഡർ : കോവിഡ്-19 മഹാമാരിയാൽ പ്രയാസമനുഭവിക്കുന്ന എല്ലാവരേയും സമർപ്പിച്ച് പ്രാർത്ഥിക്കാം. രോഗബാധിതരായവർക്ക് പൂർണ്ണ സൗഖ്യവും, പ്രിയപ്പെട്ട

വരെ നഷ്ടപ്പെട്ടവർക്ക് സ്വർഗ്ഗീയ സമാധാനവും ലഭിക്കേണ്ടതിന് നമുക്ക് അപേക്ഷിക്കാം. ഇതുമൂലം തൊഴിൽ നഷ്ടപ്പെട്ടവരേയും സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരേയും നമുക്ക് ദൈവകരങ്ങളിൽ സമർപ്പിക്കാം. ഈ വൈറസിന്റെ വ്യാപനം തടയുന്നതിനായി നടത്തപ്പെടുന്ന എല്ലാ ശ്രമങ്ങൾക്കായും ആരോഗ്യമേഖലയിലെ മുന്നണി പോരാളികൾക്കായും പ്രാർത്ഥിക്കാം. നമ്മെത്തന്നെ ദൈവസന്നിധിയിൽ വിനയപ്പെടുത്തി ഈ കഷ്ടതയ്ക്ക് ഒരു അറുതി വരുത്തണമേ എന്നു യാചിക്കാം.

ജനം : ***"നിന്നിലുള്ള വിശ്വാസത്തിൽ ഞങ്ങൾ അപേക്ഷിക്കുന്നു".***

ലീഡർ : സെപ്റ്റംബർ 29-ന് ഭദ്രാസനതലങ്ങളിൽ നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിൽ വച്ച് നടത്താൻ തീരുമാനിച്ചിരിക്കുന്ന മാർത്തോമ്മാ സുവിശേഷ സേവികാ സംഘം ഔദ്യോഗിക ഭാരവാഹികളുടെയും മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടേയും തെരഞ്ഞെടുപ്പിന്റെ അനുഗ്രഹത്തിനായും, തെരഞ്ഞെടുപ്പു പ്രക്രിയയിൽ ഉടനീളം ദൈവഹിതം നിറവേറപ്പെടേണ്ടതിനായും പ്രാർത്ഥിക്കാം. ഒക്ടോബർ 6-ന് വെർച്വൽ പ്ലാറ്റ്ഫോമിൽ ക്രമീകരിച്ചിരിക്കുന്ന സുവിശേഷ സേവികാസംഘം വാർഷിക മീറ്റിംഗിന്റെ അനുഗ്രഹകരമായ നടത്തിപ്പിനായും, മീറ്റിംഗിന്റെ ക്രമീകരണങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവർക്കും ആവശ്യമായ ദൈവകൃപയ്ക്കായും പ്രാർത്ഥിക്കാം. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏറ്റവും ക്രമീകൃതമായി വാർഷിക സമ്മേളനവും തെരഞ്ഞെടുപ്പും നടത്തുവാൻ സഹായിക്കണമേ എന്ന് ദൈവത്തോട് അപേക്ഷിക്കാം.

ജനം : ***"നിന്നിലുള്ള വിശ്വാസത്തിൽ ഞങ്ങൾ അപേക്ഷിക്കുന്നു".***

## സമർപ്പണ പ്രാർത്ഥന (എല്ലാവരും ചേർന്ന്)

"ദൈവമേ, നിന്റെ രക്ഷാപദ്ധതിയിൽ പങ്കാളികളാകുവാൻ ഞങ്ങളെത്തന്നെ സമർപ്പിക്കുന്നു. ദൈവസ്നേഹവും ദൈവവചനവും പങ്കുവെയ്ക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കേണമേ. സഹജീവികളെ ബഹുമാനിക്കുവാനുള്ള വിവേകം ഞങ്ങൾക്കു തരേണമേ. പ്രകൃതിയുടേയും, സകല ജീവജാലങ്ങളുടേയും സൗഖ്യത്തിനായി പ്രവർത്തിക്കുന്നതിന് ഞങ്ങളെ സഹായിക്കേണമേ. സമൂഹത്തിന്റെ ഉന്നമനത്തിനും, സഭയുടെ വളർച്ചയ്ക്കും പങ്കാളികളാകുവാൻ ഞങ്ങളെ സഹായിക്കേണമേ. ഞങ്ങളുടെ ചിന്തകളെ സ്വാധീനിക്കുകയും, വാക്കുകളിലൂടെയും, പ്രവൃത്തിയിൽ കൂടെയും, ഫലപ്രദമായ സാക്ഷ്യനിർവ്വഹണത്തിനായും ഞങ്ങളെ സഹായിക്കുകയും ചെയ്യണമേ. ത്രിയേക ദൈവത്തിന്റെ നാമത്തിൽ ഞങ്ങളുടെ സമർപ്പണത്തെ സ്വീകരിക്കേണമേ. ആമേൻ.